"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - തെന്മല വില്ലേജിൽ തെന്മല ടിംബർ ഡിപ്പോ ഉൾപ്പെടുന്ന സ്ഥലത്തിന്റെ അതിർത്തി - വനം റവന്യൂ വകുപ്പുകൾ തമ്മിലുള്ള ഉടമസ്ഥാവകാശ തർക്കം - രേഖകൾ പരിശോധിച്ച് സമർപ്പിക്കുന്നത്- കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (സി) വകുപ്പ്

സ.ഉ.(സാധാ) നം.239/2023/F&WLD തീയതി,തിരുവനന്തപുരം, 19-06-2023

---

പരാമർശം:- 1. 29/03/2023 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ KFDHQ/2149/2023/Pro(12) നം കത്ത്

2. 17/05/2023 തീയതിയിൽ ബഹു റവന്യൂ , വനം വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗ തീരുമാനം

**ഉത്തരവ്**

തെന്മല ഡിവിഷനിലെ തെന്മല വില്ലേജിൽ സർവ്വെ നമ്പർ 1/6,1/7 ൽ ഉൾപ്പെട്ട തെന്മല സർക്കാർ തടി ഡിപ്പോ കോമ്പൗണ്ട് , കുളത്തുപ്പുഴ റിസർവ്വ് വനഭൂമിയിൽ ഉൾപ്പെട്ടു വരുന്ന വനഭൂമിയാണ് എന്നും , ടി തടി ഡിപ്പോയുടെ സംരക്ഷണാർത്ഥം ചെയിൻ ലിങ്ക് ഫെൻസിംഗ് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ച് പണി പുരോഗമിച്ച് വരവെ ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിനാണെന്ന് കാണിച്ച് തെന്മല വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകിയെന്നും പരാമർശം 1 പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിക്കുകയും നിയമാനുസൃത ജോലി തടസ്സപ്പെടുത്താതിരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ലെ യോഗതീരുമാന പ്രകാരം , വസ്തുവിന്റെ ഉടസ്ഥാവകാശം സംബന്ധിച്ച എല്ലാ രേഖകളും പരിശോധിച്ച് വസ്തുത കണ്ടെത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ലാന്റ് റവന്യൂ കമ്മീഷണർ - ചെയർമാൻ
2. കൊല്ലം ജില്ലാ കളക്ടർ - കൺവീനർ
3. സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ - അംഗം
4. തെന്മല ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ - അംഗം

മേൽ കമ്മിറ്റി ഈ വിഷയം പരിശോധിച്ച് വസ്തുത കണ്ടെത്തി അന്തിമ റിപ്പോർട്ട് 30-06-2023 -ന്റെ മുൻപായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ( ഫോറസ്റ്റ് മാനേജ്മെന്റ് ) തിരുവനന്തപുരം
3. ലാന്റ് റവന്യൂ കമ്മീഷണർ, റവന്യൂ കോംപ്ലക്സ് , പബ്ലിക് ഓഫീസ് ബിൽഡിംഗ് മ്യൂസിയം , തിരുവനന്തപുരം
4. ജില്ലാ കളക്ടർ , കൊല്ലം
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ , സതേൺ സർക്കിൾ, വനശ്രീ കോംപ്ലക്സ്, ചിന്നക്കട, കൊല്ലം
6. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ , തെന്മല ഫോറസ്റ്റ് ഡിവിഷൻ, തെന്മല പി.ഓ. കൊല്ലം
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്), കേരള, തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ( എ & ഇ) ), കേരള, തിരുവനന്തപുരം
9. റവന്യൂ വകുപ്പിന്
10. ഇൻഫൊർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
11. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 19-06-2023 12:29:17

സെക്ഷൻ ഓഫീസർ